പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6784. 13.07.2012-ൽ മറുപടിയ്ക്ക്

## മാനസികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മനോരോഗ വിദഗ്ദ്ധരുടെ സേവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വി.എ. മാധവൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മാനസികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മനോരോഗ വിദഗ്ദ്ധരുടെ സേവനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | മെന്റൽ ഹെൽത്ത് ആക്ട് 1987 അനുസരിച്ചുള്ള ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മനോരോഗ വിദഗ്ധരുടെ സേവനം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ മനോരോഗ ചികിത്സാ സ്ഥാപനങ്ങളിലേയും രോഗികളുടെ എണ്ണത്തേയും മനോരോഗ ചികിത്സാ കേന്ദ്രത്തിന്റെ സ്വഭാവത്തേയും അടിസ്ഥാനപ്പെടുത്തിയാണ് ആവശ്യമായ വിദഗ്ധരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗങ്ങളിലും ജില്ലാ/താലൂക്ക് മനോരോഗ ചികിത്സാ വിഭാഗങ്ങളിലും മനോരോഗ വിദഗ്ധരുടെ സേവനം പരമാവധി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച ചട്ടങ്ങൾക്ക് കേന്ദ്രാംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. |
| (സി) | ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ആറ് അദ്ധ്യായങ്ങളിലായി 30 റൂളുകളാണ് കേരള സ്റ്റേറ്റ്മെന്റൽ ഹെൽത്ത് റൂൾസ് 2012 ൽ അടങ്ങിയിട്ടുള്ളത്. അദ്ധ്യായം 1 - ൽ ടി റൂൾസിന്റെ തലക്കെട്ടും നിർവചനങ്ങളും നൽകിയിരിക്കുന്നു. റൂൾസ് 2 മുതൽ 6 വരെ ഉൾക്കൊള്ളുന്ന അദ്ധ്യായം 2 - ൽ സ്റ്റേറ്റ്മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഘടനയെപ്പറ്റി വിവരിച്ചിരിക്കുന്നു. 7 മുതൽ 14 വരെയുള്ള റൂൾസ് ഉൾക്കൊള്ളുന്ന 3 - ാം അദ്ധ്യായത്തിൽ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രവർത്തനത്തെപ്പറ്റിയാണ് വിവരിച്ചിട്ടുള്ളത്. റൂൾസ് 15 മുതൽ 21 വരെ ഉൾക്കൊള്ളുന്ന അദ്ധ്യായം 5 - ൽ സ്വകാര്യ സ്ഥാപനങ്ങളുടെ ലൈസൻസിംഗിനെപ്പറ്റിയുള്ള വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. റൂൾ 22 മുതൽ 24 വരെ ഉൾക്കൊള്ളിച്ചിട്ടുള്ള അദ്ധ്യായം 5 - ൽ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ എണ്ണം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവയും ടി കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് |

| | | | |
|---|---|---|---|
| | | | റദ്ദാക്കുന്നതിന്റെ വിശദാംശങ്ങളും ടി സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രേഖകളെപ്പറ്റിയും വിശദമാക്കുന്നു. 25 മുതൽ 30 വരെയുള്ള റൂൾസ് ഉൾക്കൊള്ളിച്ചിട്ടുള്ള 6 - ാം അദ്ധ്യായ ത്തിൽ മനോരോഗികളെ സ്വമേധയാ അല്ലാതെ മാനസിക ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി കൈപ്പറ്റേണ്ട രീതികളെപ്പറ്റിയും ടി കേന്ദ്രങ്ങളിൽ ബോർഡ് ഓഫ് വിസിറ്റേഴ്സ് അംഗങ്ങളും ഇൻസ്പെ ക്ടിംഗ് ഓഫീസറും ആയി നിയമിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസ യോഗ്യത, ഉത്തരവാദിത്വം എന്നിവ യെപ്പറ്റിയും രോഗികളുടെ ലീവ് ഓഫ് ആബ്സൻസിന്റെ വിശദാംശങ്ങളെ പ്പറ്റിയും ടി കേന്ദ്രങ്ങളിലെ അന്തേ വാസികളുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥക ളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. ഇൻസ്പെക്റ്റിംഗ് ഓഫീസർമാരുടെ യോഗ്യതയും ഉത്തരവാദിത്വങ്ങളും ടി റൂളിൽ പുതുതായി ഉൾപ്പെടുത്തി യിരിക്കുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**